**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **09-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി കൃഷിഭവൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി കൃഷിഭവനുവേണ്ടി നബാർഡ് ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | കൃഷി വകുപ്പിന് കീഴിൽ കൊടുവള്ളി ബ്ലോക്കിൽ തിരുവമ്പാടി പഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെ ആർ ഐ ഡി എഫ് XXVII -സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്മാർട്ട് കൃഷി ഭവൻ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് വേണ്ടി ആർക്കിടെക്റ്റിനെ നിയമിക്കുന്നതിനുള്ള Request for Proposal (RFP)-യുടെ ടെണ്ടർ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കുമോ; | (ബി) | കൃഷി വകുപ്പിന് കീഴിൽ കൊടുവള്ളി ബ്ലോക്കിൽ തിരുവമ്പാടി പഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെ ആർ ഐ ഡി എഫ് XXVII -സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്മാർട്ട് കൃഷി ഭവൻ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് വേണ്ടി ആർക്കിടെക്റ്റിനെ നിയമിക്കുന്നതിനുള്ള Request for Proposal (RFP)-യുടെ ടെണ്ടർ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ക്ഷണിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഫണ്ട് അനുവദിച്ച് നിർമ്മാണം ആരംഭിച്ച പ്രവൃത്തിയുമായി സംയോജിപ്പിച്ച് പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | തിരുവമ്പാടി കൃഷി ഭവൻ നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക സ്മാർട്ട് കൃഷിഭവൻ കാഴ്ചപ്പാടിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുമായി ചേർന്ന് പ്ലാൻ തയ്യാറാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമോ എന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ